"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭയിലെ ജീവനക്കാർക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവിന്മേൽ സമർപ്പിച്ച പുനഃപരിശോധനാഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.876/2026/LSGD തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:-

1. 23.05.2025 തീയതിയിലെ സഉ(സാധാ)നം. 1268/2025/തസ്വഭവ- ഉത്തരവ്.
2. സീനിയർ ക്ലാർക്കുമാരായ ശ്രീമതി. സ്മിത.പി, ശ്രീമതി പ്രീത എം ക്ലാർക്കുമാരായ ശ്രീമതി. രാജിക.എൽ, ശ്രീമതി റീന എസ്., ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷിബുകുമാർ കെ. എന്നിവർ സമർപ്പിച്ച പുനഃപരിശോധനാഹർജി .
3. തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 10.10.2025 തീയതിയിലെ LSGD/JD/TVM/3537/2025-A1 നമ്പർ റിപ്പോർട്ട്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.12.2025 തീയതിയിലെ LSGD/PD/2897/2023-VIGA2 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം കോർപ്പറേഷൻ റവന്യൂ വിഭാഗത്തിൽ വിജിലൻസ് & ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 04.05.2019 ൽ നടത്തിയ മിന്നൽ പരിശോധനയിൽ ടി ദിവസം റവന്യൂ സെക്ഷനിലെ പേഴ്സണൽ ക്യാഷ് ഡിക്ളറേഷൻ രജിസ്റ്ററിൽ കൈയ്യിലുള്ള തുക ഡിക്ളയർ ചെയ്ത് രേഖപ്പെടുത്തിയിട്ടില്ലാത്തതിന് റവന്യൂ സെക്ഷൻ ഒന്നാം വിഭാഗത്തിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. അബ്ദുൾ അസീസ് എ., ശ്രീമതി പ്രീത എൻ., ക്ലാർക്കുമാരായ ശ്രീമതി. റീന എസ്., ശ്രീമതി. രാജിക.എൽ., ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷിബു കുമാർ കെ., രണ്ടാം വിഭാഗത്തിലെ സീനിയർ ക്ലാർക്കായ ശ്രീമതി സ്മിത പി. എന്നീ ജീവനക്കാർക്കെതിരെ, വിജിലൻസ് ശിപാർശ പ്രകാരം സർക്കാർ തലത്തിൽ, KCS(CC&A)Rules 1960 Rule 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, ടിയാളുകളുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെയല്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞുകൊണ്ട് പരാമർശം 1 ഉത്തരവ് പ്രകാരം തീർപ്പാക്കുകയുണ്ടായി. അച്ചടക്കനടപടി തീർപ്പാക്കിയ മേൽ ഉത്തരവിനെതിരെ സീനിയർ ക്ലാർക്കുമാരായ ശ്രീമതി. സ്മിത.പി, ശ്രീമതി പ്രീത എം ക്ലാർക്കുമാരായ ശ്രീമതി. രാജിക.എൽ, ശ്രീമതി റീന എസ്., ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷിബുകുമാർ കെ. എന്നിവർ പരാമർശം 2 പ്രകാരം പുനഃപരിശോധനാഹർജി സമർപ്പിച്ചിരുന്നു.

2. ശ്രീമതി സ്മിത പി. സമർപ്പിച്ച പുനപരിശോധനാഹർജിയിലെ വാദങ്ങൾ പ്രകാരം, സർക്കാർ ജീവനക്കാരൻ തന്റെ കൈവശമുള്ള തുക ദിവസേന ഡിക്ലറേഷൻ നടത്തുന്നത് സംബന്ധിച്ച് കേരള സർവീസ് റൂൾസിലോ, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലോ, മാന്വൽ ഓഫ് ഓഫീസ് പ്രൊസീജിയറിലോ, സർക്കാർ ജീവനക്കാരുടെ മാതൃക പെരുമാറ്റ ചട്ടങ്ങളിലോ പ്രതിപാദിച്ചിട്ടില്ലായെന്നും, ഈ വിഷയം സംബന്ധിച്ച് സേവനകാലയളവിൽ യാതൊരുവിധ ഇൻസർവീസ് ട്രെയിനിംഗുകളും ലഭിച്ചിട്ടില്ലായെന്നും, നഗരകാര്യ വകുപ്പിൽ നിന്നോ, നഗരസഭാ സെക്രട്ടറിയിൽ നിന്നോ, പേഴ്സണൽ കാഷ് ഡിക്ലറേഷൻ സംബന്ധിച്ച് യാതൊരു വിധത്തിലും ഉള്ള ഉത്തരവുകളോ, സർക്കുലറുകളോ, നിർദേശങ്ങളോ, മറ്റ് വാക്കാൽ ഉള്ള നിർദേശങ്ങളോ ലഭ്യമായിരുന്നില്ലായെന്നും, തുക ഇല്ലാത്ത ദിവസങ്ങളിൽ NIL ഡിക്ലറേഷൻ നടത്തണമെന്ന് സെക്ഷൻ മേലധികാരികൾ നിർദേശിച്ചിരുന്നില്ലായെന്നും, രണ്ട് വാർഷിക ഇൻക്രിമെന്റുകൾ രണ്ട് വർഷത്തേയ്ക്ക് തടഞ്ഞ് കൊണ്ടുള്ള നടപടി കടുത്ത സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നും, ആയതിനാൽ ടി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

3. ശ്രീമതി. പ്രീത എം.-ന്റെ വാദങ്ങൾ പ്രകാരം, തിരുവനന്തപുരം കോർപ്പറേഷൻ മെയിൻ ഓഫീസിൽ ചാർജ് എടുക്കുമ്പോൾ പേട്ട, ചാക്ക, പാങ്ങോട് എന്നീ വാർഡുകളുടെ ചുമതലയുള്ള ആർ.43 സെക്ഷന്റെ ചുമതലയും, ആർ.29 സെക്ഷന്റെ അധിക ചുമതലയും വഹിച്ചിരുന്നുവെന്നും, മകന് സുഖമില്ലാതിരുന്നതിനാൽ ആശുപത്രിയിൽ കൊണ്ടു പോയതിന് ശേഷം അമ്മയുടെ വീട്ടിൽ കൊണ്ട് ആക്കിയതിന് ശേഷം ധൃതിയിൽ കയറി വന്നപ്പോൾ റവന്യൂ ഓഫീസറുടെ മേശപ്പുറത്ത് ഉണ്ടായിരുന്നത് ഹാജർ പുസ്തകം മാത്രമായിരുന്നുവെന്നും, പേഴ്സണൽ കാഷ് ഡിക്ലറേഷൻ രജിസ്റ്റർ മേശപ്പുറത്ത് ഉണ്ടായിരുന്നില്ലായെന്നും, സീറ്റിനടുത്ത് ധാരാളം പൊതുജനങ്ങൾ ഉണ്ടായിരുന്നതിനാൽ അവരുടെ വിഷയം കൈകാര്യം ചെയ്യുന്നതിലേയ്ക്കായി പോയതിനാൽ കാഷ് ഡിക്ളറേഷൻ എഴുതാൻ വിട്ട് പോയതാണെന്നും, വളരെ ആത്മാർത്ഥതയോടെ ജോലി ചെയ്തിട്ടും രണ്ട് വാർഷിക ഇൻക്രിമെന്റുകൾ രണ്ട് വർഷത്തേയ്ക്ക് തടഞ്ഞ നടപടി മാനസികമായും സാമ്പത്തികമായും തളർത്തുമെന്നും ആയതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

4. ശ്രീമതി രാജിക എൽ, -ന്റെ വാദങ്ങൾ പ്രകാരം, തിരുവനന്തപുരം കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന സമയം ടിയാൾ നിത്യവും ഭർത്താവിന്റെ വാഹനത്തിൽ ജോലിക്ക് വരുന്നതിനാൽ കൈയിൽ കാഷ് കരുതാറില്ലായെന്നും, കൈയിൽ കാഷ് ഇല്ലാത്ത ദിവസം പേഴ്സണൽ കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ "കൈയിൽ തുകയൊന്നുമില്ല" എന്ന വിവരം എഴുതണമെന്ന് അറിയില്ലായിരുന്നുവെന്നും, കൈയിൽ തുക ഉള്ള ദിവസങ്ങളിൽ അത് രേഖപ്പെടുത്താറുണ്ടായിരുന്നുവെന്നും, രണ്ട് വാർഷിക ഇൻക്രിമെന്റുകൾ രണ്ട് വർഷത്തേയ്ക്ക് തടഞ്ഞ് കൊണ്ട് തീർപ്പാക്കിയ നടപടി ഏറെ വേദനാജനകവും, നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ കടുത്ത സമ്മർദ്ദം ഉണ്ടാക്കുന്നതാണെന്നും, ആയതിനാൽ അറിവില്ലായ്മമൂലം ടിയാളുടെ ഭാഗത്ത് നിന്നുമുള്ള വീഴ്ച മാപ്പാക്കണമെന്നും, ആയതിനാൽ അച്ചടക്കനടപടി തീർപ്പാക്കികൊണ്ടുള്ള സർക്കാർ ഉത്തരവ് പുനപരിശോധിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

5. ശ്രീമതി റീന എസ്.-ന്റെ വാദങ്ങൾ പ്രകാരം, വിജിലൻസ് പരിശോധന നടത്തിയ ദിവസം ടിയാൾ കൃത്യസമയത്ത് ഓഫീസിൽ എത്തി ഹാജർ രേഖപ്പെടുത്തിയതിന് ശേഷം സെക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഒന്ന് രണ്ട് പൊതുജനങ്ങൾ സീറ്റിൽ കാത്ത് നിൽക്കുന്നതിനാൽ കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ മറന്നുപോയെന്നും,

കൈയിൽ അത്യാവശ്യ ചെലവിനായി സൂക്ഷിച്ചിരുന്ന തുക മാത്രമെ ഉണ്ടായിരുന്നുള്ളൂവെന്നും, കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ എഴുതുവാൻ വിട്ട് പോയത് മനപൂർവമല്ലായെന്നും, ഇനി മേൽ ആവർത്തിക്കുകയില്ലായെന്നും, ടിയാളുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ രണ്ട് വർഷത്തേയ്ക്ക് തടഞ്ഞ് കൊണ്ട് തീർപ്പാക്കുന്നതിനുള്ള ഉത്തരവ് പുനപരിശോധിക്കണമെന്നും, മാസം തോറുമുള്ള ചികിൽസയ്ക്കും മറ്റും വലിയ തുക വേണ്ടി വരുമെന്നും, ആയതിനാൽ മനപൂർവമല്ലാതെ സംഭവിച്ച തെറ്റ് മാപ്പാക്കി ശിക്ഷയിൽ ഇളവ് വരുത്തണമെന്നും അപേക്ഷിക്കുകയുണ്ടായി.

6. ശ്രീ. ഷിബുകുമാർ കെ. സമർപ്പിച്ച സമർപ്പിച്ച പുനപരിശോധന ഹർജി പ്രകാരം ടിയാന്റെ മകന് തലയിൽ ട്യൂമറാണെന്നും, ഇടയ്ക്കിടെ ജന്നി വരാറുണ്ടെന്നും, ശ്രീചിത്ര ഹോസ്പിറ്റലിൽ ചികിൽസ നടത്തി വരുന്നുവെന്നും, ടി ചികിൽസയ്ക്കും വിദ്യാഭ്യാസം ചെയ്യുന്ന മകൾക്കും ടിയാന്റെ ശമ്പളം മാത്രമാണ് ആശ്രയമെന്നും, ശമ്പളം മാത്രമാണ് ആകെയുള്ള വരുമാനമാർഗമെന്നും, ആയതിനാൽ രണ്ട് ഇൻക്രിമെന്റുകൾ രണ്ട് വർഷത്തേയ്ക്ക് തടഞ്ഞ് കൊണ്ടുള്ള തീരുമാനം പുനപരിശോധിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

7. മേൽ ജീവനക്കാരുടെ പുനഃപരിശോധന ഹർജികളിൻമേലുള്ള, ജില്ലാ ജോയിന്റ് ഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരസഭയിലെ റവന്യൂ സെക്ഷൻ പോലെ തിരക്കുള്ള ഒരു ഓഫീസിൽ ടിയാളുകൾ ഉന്നയിച്ചിട്ടുള്ളതു പോലെ ഹാജർ രേഖപ്പെടുത്തുന്നതിനും കാഷ് ഡിക്ളയർ ചെയ്യുന്നതിനുമൊക്കെ വിട്ടു പോകാനുള്ള സാഹചര്യം ഉണ്ടാകാൻ സാദ്ധ്യത കൂടുതലാണ് എന്നും ആയത് മന:പൂർവ്വമുണ്ടായ വീഴ്ചയായി കാണാൻ കഴിയില്ലായെന്നും അപ്പീൽ അപേക്ഷകൾ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു.

8. പുനഃപരിശോധന ഹർജികളിൻമേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 അഭിപ്രായ റിപ്പോർട്ട് പ്രകാരം, സർക്കാർ ഉത്തരവ് 1699/2017/തസ്വഭവ, തീയതി 24.05.2017 ലെ ഖണ്ഡിക(2) പ്രകാരമുള്ള Office Management Manual for Local Government Institutions ഖണ്ഡിക 6.5.19 പ്രകാരം ഓഫീസിൽ ഹാജരാകുന്ന ഓരോ ഉദ്യോഗസ്ഥനും ഓഫീസ് ഹാജർ ബുക്കിൽ തന്റെ ഹാജർ രേഖപ്പെടുത്തേണ്ടതും, അതേസമയം തന്നെ കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ പേരും തസ്തികയും തീയതിയും കൈയിൽ ഉള്ള തുകയും എണ്ണിത്തിട്ടപ്പെടുത്തി രേഖപ്പെടുത്തുകയും ആയത് ഉറപ്പാക്കുന്നതിന് ഒപ്പുവെയ്ക്കേണ്ടതും ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പേഴ്സണൽ കാഷ് ഡിക്ളറേഷൻ രജിസ്റ്ററിൽ എല്ലാ ദിവസവും കാഷ് ഡിക്ലറേഷൻ യഥാവിധി രേഖപ്പെടുത്തുന്നത് സാമ്പത്തിക അഴിമതി നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് എന്നും അപ്രകാരം വിലയിരുത്തുമ്പോൾ കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്താതിരുന്നതിൽ ജീവനക്കാർക്ക് വീഴ്ച സംഭവിച്ചു എന്ന് കാണുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

9. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം പുനഃപരിശോധന ഹർജികളിലെ ജീവനക്കാരുടെ വാദങ്ങൾ, ജില്ലാ ജോയിന്റ് ഡയറക്ടറുടെയും, പ്രിൻസിപ്പൽ ഡയറക്ടറുടെയും റിപ്പോർട്ടിൻറേയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ടി ജീവനക്കാർക്കെതിരെ വകുപ്പിൽ മറ്റ് നടപടികളൊന്നും നിലവിലില്ലെന്നത് പരിഗണിച്ച്, ഒരു ഉദാരസമീപനം സ്വീകരിച്ചുകൊണ്ട്, തിരുവനന്തപുരം നഗരസഭ റവന്യൂ സെക്ഷൻ സീനിയർ ക്ലാർക്കുമാരായ ശ്രീമതി പ്രീത എൻ., ശ്രീമതി സ്മിത പി., ക്ലാർക്കുമാരായ ശ്രീമതി. റീന എസ്., ശ്രീമതി. രാജിക.എൽ., ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷിബു കുമാർ കെ., എന്നിവർക്കെതിരായ പരാമർശം 1 ഉത്തരവ് പ്രകാരമുള്ള ശിക്ഷാനടപടിയിൽ ഇളവ് വരുത്തി, ടിയാളുകൾക്കെതിരെയുള്ള

അച്ചടക്കനടപടി, മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടായാൽ ആയത് ഗൗരവത്തോടെ വീക്ഷിക്കുന്നതാണെന്ന 'Censure' (ശാസന) നൽകികൊണ്ട് പരാമർശം 2 പ്രകാരമുള്ള പുനഃപരിശോധനാഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 10-04-2026 19:37:11**
സെക്ഷൻ ഓഫീസർ